# പരിഷത്തല്ല, വ്യക്തികളും സംഘങ്ങളുമായിരുന്നു സൈലന്റ്‌വാലിയെ രക്ഷിക്കാൻ മുന്നിട്ടിറങ്ങിയത്

പ്രൊഫ. ജോൺസി ജേക്കബ്ബ്

പ്രൊഫ. എം.കെ. പ്രസാദ്, പ്രൊഫ. വി.കെ. ദാമോദരൻ, ഡോ. എ.പി. പരമേശ്വരൻ, ഡോ. എ. അച്യുതൻ എന്നിവർ സൈലന്റ് വാലി പ്രശ്നം ഉയർത്തുകയും അതിലേക്ക് പൊതുജന ശ്രദ്ധ തിരിക്കുകയും ചെയ്തു എന്നത് സത്യമാണ്. ലോകത്തിന്റെ മുഴുവൻ പ്രകൃതി - മാനവ സ്നേഹികളും അതിന് അവരോട് കടപ്പെട്ടിരിക്കുകയും ചെയ്യും. എന്നാൽ അവർ ചെയ്ത പ്രവൃത്തിക്ക് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പിന്തുണ ഉണ്ടായിരുന്നില്ല അക്കാലത്ത് എന്നതാണ് സത്യം. അവർ ചെയ്തത് യഥാർത്ഥത്തിൽ വ്യക്തികൾ എന്ന നിലയിൽ മാത്രമായിരുന്നു എന്ന് സാരം. 1978 ൽ (പയ്യന്നൂർ കോളേജിലെ) സുവോളജിക്കൽ ക്ലബ്ബ് കുട്ടികൾക്കുവേണ്ടിയുള്ള കേരളത്തിലെ പ്രഥമ പ്രകൃതി സഹവാസം ഏഴിമലയിൽ നടത്തിയപ്പോൾ പ്രൊഫ. പ്രസാദ് ഞങ്ങളുടെ മുഖ്യാതിഥികളിലൊരാളായിരുന്നു. അന്ന് അദ്ദേഹം അവിടെയുണ്ടായിരുന്ന അദ്ധ്യാപകരോടും കുട്ടികളോടും സൈലന്റ് വാലിയെപ്പറ്റി പറയുകയും 'നിങ്ങൾ എന്തെങ്കിലും ചെയ്യണം' എന്ന് ആവശ്യപ്പെടുകയുണ്ടായി. കെ.ശാ.സാ.പ. ഒരു സംഘടനയെന്ന നിലക്ക് പദ്ധതിയെ എതിർക്കാൻ തയ്യാറല്ല എന്നദ്ദേഹം അന്ന് തുറന്നു പറഞ്ഞിരുന്നു. അതുകൊണ്ടാണ് സുവോളജിക്കൽ ക്ലബ്ബിന്റേയും അതുമായി ബന്ധപ്പെട്ടിരുന്ന നേച്ചർ ക്ലബ്ബുകളുടെയും സഹകരണം അദ്ദേഹം തേടിയത്. (അദ്ദേഹം കള്ളം പറയുകയായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നില്ല - ജോൺസി) ആ അഭ്യർത്ഥന മാനിച്ചുകൊണ്ട് ക്ലബ്ബും അതുമായി ബന്ധപ്പെട്ടിരുന്ന കേരളത്തിലെ നേച്ചർ ക്ലബ്ബുകളും കറുത്ത ബാഡ്ജുകൾ കുത്തിയും കറുത്ത കൊടികൾ ഉയർത്തിയും പോസ്റ്ററുകൾ ഒട്ടിച്ചും ഒരാഴ്ച നീണ്ടുനിന്ന സൈലന്റ് വാലി സംരക്ഷണ യജ്ഞം നടത്തുകയുണ്ടായി. മൗനജാഥകളും ശബ്ദമുഖരിതമായ പ്രകടനങ്ങളും ധർണ്ണകളും നടന്നു. കൂടാതെ അന്നത്തെ കേരള മുഖ്യന് അനേകം പേർ ഒപ്പിട്ട ഹർജികൾ അയക്കുകയും ഉണ്ടായി.

അക്കാലത്ത് ഞാൻ കണ്ണൂർ ജില്ലയിലെ മയ്യിൽ ഹൈസ്കൂളിലെ നേച്ചർ ക്ലബ്ബ് സന്ദർശിക്കുകയും സൈലന്റ് വാലിയെപ്പറ്റി ക്ലാസ്സെടുക്കയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് അവിടുത്തെ കെ.ശാ.സാ.പ. യൂണിറ്റുകാർ ക്ലബ്ബിന്റെ ചുമതല വഹിച്ചിരുന്ന ശ്രീധരൻ നമ്പ്യാർ മാസ്റ്ററെ അവഹേളിക്കുകയും ഇനിമേലാൽ അവിടെ നേച്ചർ ക്ലബ്ബ് പ്രവർത്തിച്ചുപോകരുത് എന്ന് മുന്നറിയിപ്പ് നൽകുകയും ഉണ്ടായി. ഞാൻ സൈലന്റ് വാലി പദ്ധതിയെ എതിർത്തതു കാരണം പിന്നീട് കെ.ശാ.സാ.പ. ക്കാർ കണ്ണൂർ ജില്ലയിലെ ചില ഭാഗങ്ങളിലെങ്കിലും എനിക്കെതിരെ പ്രചരണം അഴിച്ചുവിടുകയുമുണ്ടായി എന്ന കാര്യം ഒരു പക്ഷെ ഡോ. അച്യുതന് അറിവില്ലായിരിക്കാം.

പ്രൊഫ. പ്രസാദ്, കോഴിക്കോട്ടെ പ്രമുഖ കെട്ടിടനിർമ്മാണ വിദഗ്ധനായ ശ്രീ. ആർ.കെ. രമേശ് തുടങ്ങിയ ചിലരുമായി ചേർന്ന് സൈലന്റ് വാലി സംരക്ഷണ സമിതി ഉണ്ടാക്കി. ഈ സമിതിയാണ് ഈ മേഖലയിൽ പദ്ധതിക്കെതിരെ ഒരുപാട് പ്രവർത്തിച്ചത്. അന്നത്തെ ഫയലുകളും രേഖകളും ഒരുപക്ഷെ പാളയം ബസ്സ്സ്റ്റാന്റിലെ ജോസ്, രമേശ് ആന്റ് ബാബു എന്ന സ്ഥാപനത്തിൽ (ജയന്തി ബിൽഡിംഗ്സ്) കണ്ടേക്കാം. ഇതിലൊന്നും കെ.ശാ.സാ.പ. ഉണ്ടായിരുന്നില്ല. പ്രൊഫ. പ്രസാദ് മാത്രമായാൽ കെ.ശാ.സാ.പ. ആകയില്ലല്ലൊ! കെ.ശാ.സാ.പ. സൈലന്റ് വാലി സംരക്ഷണത്തിന് മുൻനിരയിൽ ഉണ്ടായിരുന്നെങ്കിൽ പ്രൊഫ. പ്രസാദ് അതിൽത്തന്നെ നിന്ന് പ്രവർത്തിക്കുമായിരുന്നു. മറ്റൊ രു സമിതി ഉണ്ടാക്കി പ്രവർത്തിക്കുകയില്ലായിരുന്നു.

പയ്യന്നൂരെ സുവോളജിക്കൽ ക്ലബ്ബാണ് ആദ്യമായി പൊതുരംഗത്ത് പ്രതിഷേധസ്വരം ഉയർത്തിയത്. തുടർന്ന് കൊല്ലത്തെ വിദ്യാർത്ഥിയായിരുന്ന ഫൈസിയും കൂട്ടുകാരും ടെമ്പോ വാനിൽ ലഘുലേഖകൾ വിതരണം ചെയ്തുകൊണ്ട് സൈലന്റ് വാലി വരെ സഞ്ചരിച്ചു. ആലുവയിലെ യുവ ചിത്രകാരായിരുന്ന ചന്ദ്രനും ഷംസുദ്ദീനും തങ്ങൾ രചിച്ച ചിത്രങ്ങളുമായി കേരളത്തിലെ എല്ലാ നഗരങ്ങളിലും സഞ്ചരിച്ചു അവ പ്രദർശിപ്പിച്ചു. കോട്ടയം സി.എം.എസ്. കോളേജിലെ വിദ്യാർത്ഥികൾ ടൗണിൽ ശക്തിയേറിയ പ്രതിഷേധപ്രകടനം നടത്തി. തിരുവനന്തപുരത്ത് സുഗതകുമാരി ടീച്ചറിന്റേയും നീലകണ്ഠൻ മാഷിന്റേയും ശർമ്മാജിയുടെയും മറ്റും നേതൃത്വത്തിൽ തുടങ്ങിയ മറ്റൊരു സൈലന്റ് വാലി സംരക്ഷണ സമിതിയും ശക്തമായി രംഗത്തുവന്നു. ഇതാണ് പിന്നീട് പ്രകൃതി സംരക്ഷണസമിതിയായി മാറിയത്. ഇതും കോഴിക്കോട്ടെ സമിതിയും കേരള ഹൈക്കോടതിയിൽ റിട്ടുകൾ ഫയൽ ചെയ്യുകയും പദ്ധതിയെ താമസിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരത്തെ യുവശാസ്ത്രജ്ഞ ദമ്പതികളായ ഡോ. സതീശ് ചന്ദ്രനും ഡോ. ശാന്തിയും കേരളത്തിൽ ഉടനീളം സഞ്ചരിക്കുകയും സ്ലൈഡുകൾ കാണിച്ച് സംസാരിക്കുകയും ചെയ്തു. ഇവരാരും കെ.ശാ.സാ.പ. അംഗങ്ങളേ ആയിരുന്നില്ല.

കൂടാതെ ബോംബേയിൽ ഡോ. സാലിം ആലി അദ്ധ്യക്ഷനായും ശ്രീമതി ദിൽനവാസ് വാരിയാവ കാര്യദർശിയായും 'സേവ് സൈലന്റ് വാലി കമ്മിറ്റി' യുണ്ടാക്കി. ഇവർ അന്നത്തെ പ്രധാന മന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയെ പലതവണ കാണുകയും സ്വാധീനിക്കുകയും ചെയ്തു. കൂടാതെ സാലിം ആലിയുടെ സ്വാധീനം മൂലം രാജ്യാന്തര രംഗങ്ങളിലും സൈലന്റ് വാലിയെ സംരക്ഷിക്കണമെന്ന മുറവിളി ഉയരുവാൻ തുടങ്ങി. സോവ്യറ്റ് യൂണിയനിലെ അഷ്ക്കബാദിൽ ചേർന്ന ഐ.യു.സി.എൻ. സമ്മേളനവും മറ്റും സൈലന്റ് വാലിയെ രക്ഷിക്കണം എന്നാവശ്യപ്പെട്ടത് ഓർമ്മിക്കുക. ഇവർക്കാർക്കും കെ.ശാ.സാ.പ. യുമായി പുലബന്ധംപോലും ഉണ്ടായിരുന്നില്ലല്ലോ.

1979 ഒക്ടോബറിൽ സൈലന്റ് വാലി

# സൈലന്റ്‌വാലി – ശാസ്ത്രസാഹിത്യ പരിഷത്ത് – പിന്നീടും

സൈലന്റ്‌വാലി സമരത്തിൽ പദ്ധതിക്കെതിരായി നിലകൊണ്ട പ്രമുഖ സംഘടനയാണ് ശാസ്ത്രസാഹിത്യപരിഷത്ത്. ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ തലത്തിൽ നിന്നുകൊണ്ടാണ് അവർ പദ്ധതിയെ എതിർത്തത്. അതു ഫലപ്രദമായിരുന്നു. വിശേഷിച്ചു മുഖ്യധാരാ ഇടതപക്ഷത്തിൽ പരിഷത്തിനുണ്ടായിരുന്ന സ്വാധീനം വളരെ പ്രധാനമായിരുന്നു.

എന്നാൽ അന്നും ഇന്നും പരിഷത്തിന്റെ നിലപാടുകളിൽ ചില വൈരുദ്ധ്യങ്ങളുണ്ട്.

(1) ആളോഹരി വൈദ്യുതി ഉപഭോഗം വികസനത്തിന്റെ സൂചകമായി അവർ ഉപയോഗിക്കുന്നു. അമേരിക്കക്കാരെപ്പോലെ ഇന്ത്യക്കാർ ഊർജ്ജം ഉപയോഗിച്ചാൽ ലോകം അധികകാലം ഉണ്ടാകില്ലല്ലോ.

(2) സൈലന്റ്‌വാലിക്ക് ബദലായി അവർ ഉയർത്തിയ നിർദ്ദേശങ്ങളിൽ പെരിയാറിലെ പൂയംകുട്ടിയും ചാലക്കുടിപ്പുഴയിലെ അതിരപ്പള്ളിയും പെടുന്നു. 94–95 ൽ അതിരപ്പള്ളിയും 99–2000 ൽ പൂയംകുട്ടിയും പ്രവർത്തനം തുടങ്ങുമെന്നവർ പറയുന്നു. ആ പദ്ധതികൾക്ക് അവർ എതിരല്ല. (ആരു പഠനം നടത്തി?)

(3) താപവൈദ്യുതി (കൽക്കരി) യാണ് വൈദ്യുതിയുടെ അനുയോജ്യ സ്രോതസെന്നവർ പറയുന്നു.

1975–79 കാലത്ത് പരിഷത്ത് നടത്തിയ പഠനങ്ങൾ - എം.കെ.പി., വി.കെ.ഡി., ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ. ഡോ. എം. പി., കെ.പി. കണ്ണൻ എന്നിവരുടെ പഠനം.

(കെ.എസ്.എസ്.പി. നിലപാടല്ല.)

**തേക്കടി, ഇടുക്കി അണക്കെട്ടുകളുടെ ഫലമായുണ്ടായ നാശം**

ആളോഹരി വൈദ്യുതി ഉപയോഗക്കണക്ക് - താരതമ്യം ഉപയോഗിക്കുന്നു. കൽക്കരി നിലയങ്ങൾക്കുവേണ്ടി അന്നുവാദിച്ചു.

(പൂയംകുട്ടി ഭേദമാണെന്ന് കെ.എസ്.എസ്.പി. പറയുന്നു)

## ഭൂമിസൂക്തം

### അഥർവ്വാവ്

ഗിരയസ്തേ പർവ്വതാ ഹിമന്തോ രണ്യം
തേ പൃഥിവി സ്യോനമസ്തു
ബഭ്രും കൃഷ്ണാം രോഹിണീം വിശ്വരൂപാം.
ധ്രുവാം ഭൂമിം പൃഥിവീം ഇന്ദ്രഗുപ്താം
അജീതോ ഹതോ അക്ഷതോ ധ്യഷ്ഠാം
പൃഥിവീമഹം.

(ഹേ ഭൂമീ! അവിടത്തെ കാടുകളും കുന്നുകളും മഞ്ഞണിഞ്ഞ പർവ്വതങ്ങളും ഞങ്ങൾക്ക് മംഗളം ചൂരത്തട്ടെ. ചുകന്നും നീലച്ചും നാനാനിറമാർന്നും ഉറപ്പാർജ്ജിച്ച ഈ പൃഥിവിയുടെമേൽ അജയ്യനും അമൃതനും അക്ഷതനുമായി ഞാൻ ചുവടുറച്ചു നിൽക്കട്ടെ).

യത്തേ ഭൂമേ വിഖനാമി
ക്ഷിപ്രം തദപി രോഹതു
മാ തേ മർമ്മ വിമൃഗ്വരി
മാ തേ ഹൃദയ മർപ്പിപം.

(ഹേ ഭൂമി! നിന്നിൽനിന്ന് ഞാൻ എടുക്കുന്നതെന്തോ അത് വേഗം വീണ്ടും മുളച്ചു വരട്ടെ. പാവനയായവളേ! ഞാനൊരിക്കലും നിന്റെ മർമ്മങ്ങളെ, നിന്റെ ഹൃദയത്തെ, പിളർക്കാതിരിക്കട്ടെ).

നിധിം ബിഭ്രതീ ബഹുധാ ഗുഹാ വസു
മണിം ഹിരണ്യം പൃഥിവീ ദദാതു മേ
വസൂനി നോ വസുദാ രാസമാനാ
ദേവീ ദധാതു സുമനസ്യ മാനാ.

(സ്വർണ്ണവും രത്നങ്ങളും അളവറ്റ നിധികളും ഉള്ളിൽ ധരിച്ചിരിക്കുന്ന ഹേ കരുണാമയിപൃഥിവീ! അവിടുന്ന് എന്നിൽ ആ ധനങ്ങളെല്ലാം കനിഞ്ഞു വർഷിച്ചാലും!)

(അഥർവ്വവേദം, പന്ത്രണ്ടാം കാണ്ഡം, ഒന്നാം അനുവാകം, ഒന്നാം സൂക്തം)

പദ്ധതിയെ എതിർക്കുന്ന സംഘടനകളുടെ ഒരു കൺവെൻഷൻ തിരുവനന്തപുരത്ത് നടക്കുകയുണ്ടായി. ഇവിടെ കേ.ശാ.സാ.പ.യിലെ ചില പ്രമുഖർ ഉണ്ടായിരുന്നതല്ലാതെ സംഘടന രംഗത്ത് വന്നിരുന്നില്ല എന്ന കാര്യം, ആ പരിപാടിയിൽ പങ്കെടുത്ത നിഷ്പക്ഷരായ ആരും പറഞ്ഞുതരും. അന്നവിടെ നടന്ന പ്രതിഷേധ മൗനജാഥയിലും പരിഷത്ത് ഉണ്ടായിരുന്നില്ല.

സ്വാമിനാഥൻ കമ്മീഷൻ പദ്ധതിക്കെതിരെ നിലപാടെടുക്കുന്നു എന്നും ഇന്ദിരാ ഗാന്ധി ആ നിലപാട് സ്വീകരിക്കുമെന്നും ഉറപ്പായതു മുതലാണ് കേ.ശാ.സാ.പ. ഒരു സംഘടനയായി രംഗത്തുവന്നത്. എന്നിട്ടും അവർ സൈലന്റ് വാലിയെ രക്ഷിക്കുവാൻ ഒരു സമ്മേളനമോ പ്രകടനമോ ധർണ്ണപോലുമോ നടത്തിയതായി കേട്ടിട്ടില്ല. എന്നാൽ തങ്ങളാണ്, തങ്ങൾ മാത്രമാണ് സൈലന്റ് വാലിയെ രക്ഷിച്ചത് എന്ന് തങ്ങളുടെ ആൾബലവും ധനശേഷിയും ഉപയോഗിച്ച് സ്വദേശീയരെയും വിദേശീയരെയും വിശ്വസിപ്പിക്കാൻ അവർക്ക് കഴിഞ്ഞു. കേരളത്തിലെ പരിസ്ഥിതിയെപ്പറ്റി പറയാൻ തങ്ങൾക്കാണ്, തങ്ങൾക്കു മാത്രമാണ് അവകാശം എന്ന് പല വേദികളിലും പിന്നീട് ഇവർ വീമ്പു പറയുന്നത് കേട്ടിട്ടുണ്ട്, ഈയുള്ളവൻ.

അക്കഥയെല്ലാം നാം മറക്കുക. എന്നാൽ മറ്റൊരു കാര്യം മറക്കുവാനോ മറയ്ക്കുവാനോ സാധ്യമല്ല. സൈലന്റ് വാലിയെക്കാൾ പതിന്മടങ്ങ് ആപൽക്കാരികളായ പരിപാടികളുടെ നടുവിലാണ് കേരളീയർ ഇന്ന്. അവയെപ്പറ്റി കേ.ശാ.സാ.പ. എന്ത് അഭിപ്രായമാണ് പറയുന്നത് ? ജനങ്ങളെ ആ കൊടിയ ആപത്തുകളിൽ നിന്ന് രക്ഷിക്കുവാൻ എന്താണിവർ ചെയ്യുക ? തീരപ്രദേശത്തെ മരുഭൂമിയാക്കുന്ന ട്രോളിംഗിനെതിരെ അവർ മൗനം പാലിക്കുന്നു. പൂയംകുട്ടി പദ്ധതിയെപ്പറ്റി ചോദിക്കുമ്പോൾ അവിടെ കാടുണ്ടോ എന്ന് പഠനം അവർ നടത്തുകയാണ് എന്ന് പറയുന്നു. താപവൈദ്യുത നിലയങ്ങൾക്ക് പരസ്യമായി ഓശാന പാടുന്നു. ആണവനിലയ കാര്യത്തിൽ ഒട്ടകപക്ഷിയെപ്പോലെ തലമണലിൽ താഴ്ത്തുന്നു. (ഇടതുപക്ഷം പദ്ധതി കൊണ്ടുവന്നാൽ കാണില്ല; നല്ലത് പറയും; വലതുപക്ഷമായാൽ ഗോഗ്വാ വിളിക്കും - ജെ) നമ്മുടെ അമൂല്യങ്ങളായ സസ്യങ്ങളെയും ജന്തുക്കളെയും തുടച്ചുനീക്കി പകരം ബഹുരാഷ്ട്ര കുത്തകകളുടെ സാധനങ്ങൾ ജൈവസാങ്കേതിക വിദ്യയെന്ന പേരിൽ ഇവിടെ നമ്മുടെ തലയിൽ കെട്ടിവെച്ച് നമ്മെ കൊള്ളയടിക്കാനുള്ള ശ്രമം അവർ കാണുന്നുപോലുമില്ലേ? കേ.ശാ.സാ.പ. യിൽ ആത്മാർത്ഥതയുള്ള, സത്യസന്ധരായ ആരെങ്കിലും അവശേഷിക്കുന്നുവെങ്കിൽ അവർ പുറത്തുവന്ന് സത്യത്തിനു വേണ്ടി വാദിക്കുകതന്നെവേണം. ആ സംഭവം നമുക്ക് പ്രതീക്ഷിക്കാമോ ?

(ആൻഖ് - 1991 ജനുവരി)